ESTD:1976

കാരവൽ

1197 ചിങ്ങം 31, 1443 സഫർ 7, 2021 സെപ്റ്റംബർ 16 വ്യാഴം

ആനയിറക്കം; മലയോരം പ്രതീക്ഷയിൽ

മുളിയാർ, കാറഡുക്ക, ദേലംപാടി, ബേഡകം, കുറ്റിക്കോൽ, പഞ്ചായത്തുകളിൽ നിന്നും വർഷങ്ങളായി ഉയർന്നു കൊണ്ടിരിക്കുന്ന കർഷക രോദനത്തിന് ഇനിയെങ്കിലും പരിഹാരമാകുമോ? കാറഡുക്ക ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സിജിമാത്യു ജില്ലാ ഫോറസ്റ്റ് ഓഫീസർ പി ധനേഷ്കുമാർ എന്നിവരുടെ സാന്നിധ്യത്തിൽ ചേർന്ന ജനപ്രതിനിധികളുടെ യോഗത്തിലെ തീരുമാനങ്ങൾ നടപ്പിലായാൽ പരിഹാരം ആകുമെന്ന് തന്നെയാണ് പൊതുവെയുള്ള പ്രതീക്ഷ. പക്ഷെ യോഗ തീരുമാനങ്ങൾ നടപ്പിലാക്കണമെങ്കിൽ എത്രകാലം വേണ്ടിവരുമെന്നാണ് പൊതുവെ എല്ലാവരും ഉറ്റുനോക്കുന്നത്.

ഈ മലയോര പഞ്ചായത്തുകളിലെ കർഷകർ സ്വസ്ഥമായി ഉറങ്ങാതെ എത്രയോ കാലമായി. ഏതു സമയത്തും വനത്തിനകത്ത് നിന്നും ആനകൾ കൂട്ടത്തോടെ ഇറങ്ങി കൃഷിയിടത്തിൽ എത്താമെന്ന് അവർ ഞെട്ടലോടെയാണെങ്കിലും പ്രതീക്ഷിക്കുന്നു. ഇനി ഏതെങ്കിലും ഒരു ദിവസം ഉറങ്ങിപ്പോയാൽ അന്നു കാട്ടാനകൾ നാട്ടിലും കൃഷിയിടത്തിലും ഇറങ്ങി എല്ലാം നശിപ്പിക്കുമെന്ന് ഉറപ്പാണ്. അതുകൊണ്ടു തന്നെ മലയോരത്തെ കർഷക സമൂഹം ശാരികവും മാനസികവും സാമ്പത്തികവുമായി ഏറെ ദുരിതം അനുഭവിക്കുകയായിരുന്നു. പ്രഖ്യാപിത ശത്രു അല്ലെങ്കിലും ആനകളെ ശത്രുക്കളായി കാണാൻ പോലും അവർ തയ്യാറായി. അതിനു അവരെ കുറ്റം പറഞ്ഞതു കൊണ്ടായില്ല. ഒരായുഷ്ക്കാലം മുഴുവൻ നടത്തിയ കഠിനാധ്വാനത്തിലൂടെ ഉണ്ടാക്കിയെടുത്ത പ്രതീക്ഷയുടെ പച്ചത്തുരുത്തുകൾ ഒരൊറ്റ രാത്രികൊണ്ട് ഇല്ലാതായാൽ, അതിന് കാരണക്കാരായവരെ ശത്രുവായല്ലാതെ, മിത്രമായി കാണാൻ കർഷകർക്ക് എന്നല്ല, ആർക്കും കഴിയില്ല; ഒരു നിമിഷമെങ്കിലും. സമീപകാലങ്ങളിൽ ആന നാട്ടിലിറങ്ങാത്ത ഒരൊറ്റ ദിവസവും മലയോരത്ത് കടന്നു പോയിട്ടില്ല. വനാന്തർഭാഗത്തു നിന്ന് വനാതിർത്തി പ്രദേശങ്ങളിലും അവിടെ നിന്നു കൃഷിയിടങ്ങളിലും വന്യമൃഗങ്ങൾ എത്തിയത് എത്രയോ വർഷങ്ങൾക്ക് മുമ്പാണ്. വനത്തേക്കാളും നാട്ടിൻ പുറത്തു ഭക്ഷണ വസ്തുക്കൾ സുലഭമായി കണ്ടെത്തിയതു കൊണ്ടാണ് ആനകൾ കൃഷിയിടങ്ങളിൽ നിന്നു നിരന്തരം വനത്തിനകത്തേക്ക് തുരത്തപ്പെട്ടാലും പോയതിനേക്കാൾ വേഗത്തിൽ തിരിച്ചെത്തുന്നത്.

കാട്ടാനകളുടെ ശല്യം രൂക്ഷമാവും അതിനെതിരെ കർഷകരോഷം ഉയരുകയും ചെയ്യുമ്പോഴൊക്കെ ഇത്തരത്തിൽ ആനകളെ അതിർത്തി കടത്തി കർണ്ണാടക വനത്തിലേയ്ക്ക് എത്തിച്ച സംഭവം ഉണ്ടായിരുന്നു. എന്നാൽ അതൊന്നും ശാശ്വത പരിഹാരം ആയില്ലെന്ന് എത്രയോ തവണ ബോധ്യപ്പെട്ട കാര്യമാണ്. ഇത്തരമൊരു സാഹചര്യത്തിലാണ് കർഷക പക്ഷത്ത് നിന്നുള്ള നിലപാടുകളുമായി കാറഡുക്ക ബ്ലോക്ക് പഞ്ചായത്തും ജില്ലാ ഫോറസ്റ്റ് ഓഫീസറും മുന്നിട്ടിറങ്ങിയത്.

വനപാലകർക്കൊപ്പം നാട്ടുകാരെ ഉൾപ്പെടുത്തി, അവർ പ്രത്യേക പരിശീലനവും യൂണിഫോമും യാത്ര ചെയ്യാൻ വാഹനങ്ങളുമൊക്കെ ഒരുക്കി. കാട്ടാനകളെ ശരിയായ ആവാസ കേന്ദ്രത്തിലെത്തുകയെന്നതാണ് പുതിയ കർമ്മ പദ്ധതി. ഇതിന് ഒരു പക്ഷെ ആഴ്ചകളോ മാസങ്ങളോ എടുക്കും. സാധാരണ ഗതിയിൽ കർഷകരോഷം ശക്തമാകുമ്പോൾ ആനകളെ പേരിന് കാട്ടിലേയ്ക്ക് ഓടിക്കുന്ന പ്രവണതയും രീതിയുമായിരുന്നു. കർണ്ണാടകയിലും ആനകൾക്ക് നേരെ ബലപ്രയോഗം നടക്കുമ്പോൾ അവ തിരികെ എത്തുന്നു. എന്നാൽ വനാന്തർഭാഗത്തെ യഥാർത്ഥ ആവാസ വ്യവസ്ഥയിലേക്ക് എത്തിച്ചാൽ അവ തിരിച്ചു വരില്ലെന്നാണ് ഈ രംഗത്തെ വിദഗ്ദ്ധർ ചൂണ്ടിക്കാണിക്കുന്നത്. അഥവാ അവ മടങ്ങി വരാനുള്ള സാധ്യത കണക്കിലെടുത്ത് മറ്റു പ്രതിരോധ നടപടികളും നിർദ്ദേശിക്കുന്നുണ്ട്. തൂക്കുവേലിയാണ് ഇത്തരം പ്രതിരോധ മാർഗ്ഗങ്ങളിൽ ഒന്ന്.

എന്തായാലും മലയോരത്തെ ജനപ്രതിനിധികളും ഡി എഫ് ഒയും ചേർന്നെടുത്ത തീരുമാനം വളരെ വേഗത്തിൽ നടപ്പിലാക്കേണ്ടതുണ്ട്. തീരുമാനങ്ങൾ എടുക്കുന്നതിലല്ല, അവ നടപ്പിലാക്കുന്നതിലാണ് കാര്യം.

അധ്യാപക പുരസ്കാരം. അപേക്ഷ ക്ഷണിച്ചു

ചട്ടഞ്ചാൽ:ദീർഘകാലം ചട്ടഞ്ചാൽ ഹയർ സെക്കന്ററി സ്കൂളിൽ അധ്യാപകനും, പ്രിൻസിപ്പലുമായിരുന്ന പി. അവനീന്ദ്രനാഥ് മാസ്റ്ററുടെ, ഓർമ്മയ്ക്ക്, ചട്ടഞ്ചാലിൽ പ്രവർത്തിച്ചു വരുന്ന പി. അവനീന്ദ്രനാഥ് മാസ്റ്റർ സ്മാരക ട്രസ്റ്റ് ഏർപ്പെടുത്തിയ, സംസ്ഥാനത്തെ മികച്ച അധ്യാപകനുള്ള, മൂന്നാമത് അധ്യാപക അവാർഡിന് അപേക്ഷ ക്ഷണിച്ചു.അപേക്ഷകൾ വ്യക്തിപരമായോ, ശുപാർശയായോ നൽകാവുന്നതാണ്.ജോലി ചെയ്യുന്ന വിദ്യാലയത്തിലെ പ്രഥമാധ്യാപകന്റെ സാക്ഷ്യപത്രത്തോടൊപ്പം, 2021 ഒക്ടോബർ പതിനഞ്ചിനുള്ളിൽ രതീഷ് പിലിക്കോട്, കോർഡിനേറ്റർ, പി.അവനീന്ദ്രനാഥ് മാസ്റ്റർ സ്മാരക അധ്യാപക അവാർഡ് സമിതി,പി.ഒ.പിലിക്കോട്, കാസർകോട് ജില്ല.6713 10 എന്ന വിലാസത്തിൽ എത്തിക്കേണ്ടതാണ്.

വിവരങ്ങൾക്ക് 9847383857 എന്ന നമ്പറിൽ ബന്ധപ്പെടുക.

നവംബർ നാലിന് ചട്ടഞ്ചാലിൽ വെച്ച് നടക്കുന്ന, അനുസ്മരണ പരിപാടിയിൽ പുരസ്കാര ജേതാവിന്, പ്രശസ്തിപത്രം, ഫലകം, പുരസ്കാര തുക എന്നിവ വിതരണം ചെയ്യും.

റിസബാവയുടെ നാടക പ്രവേശനവും സായികുമാറിന്റെ സിനിമാപ്രവേശനവും

എറണാകുളം സ്വദേശിയും മലയാള സിനിമയുടെ വില്ലൻ മുഖങ്ങളിൽ സുപരിചിതനുമാണ് റിസബാവ. അദ്ദേഹം സിനിമയിൽ എത്തും മുമ്പ് സജീവമായിരുന്നത് നാടകത്തിലാണ്. രണ്ടു രാത്രിയും ഒരു പകലും കൊണ്ട് പ്രൊഫഷണൽ നാടകം അഭ്യസിച്ച് മൂന്നാം നാൾ പ്രേക്ഷകരുടെ പ്രശംസ പിടിച്ചുപറ്റിയ നടനാണ് റിസബാവ.

ഉയർന്ന രക്തസമ്മർദ്ദത്തെ തുടർന്ന് കൊച്ചിയിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലിരിക്കവെയാണ് അദ്ദേഹം കഴിഞ്ഞ ദിവസം വിടവാങ്ങിയത്. നാടകത്തിലൂടെയാണ് അദ്ദേഹത്തിന്റെ കലാജീവിതം ആരംഭിച്ചത്.

അദ്ദേഹം നാടകവേദിയിൽ എത്തുമ്പോൾ അദ്ദേഹത്തിന്റെ മുഖം വില്ലന്റേതായിരുന്നില്ല. രാജപ്രൗഢിയുടെയും സംഗീതകുലപതിയായ സ്വാതിതിരുനാളിന്റെയും മുഖമായിരുന്നു അദ്ദേഹത്തിന്റേത്.

പിരപ്പൻകോട് മുരളി രചന നിർവഹിച്ച് പി കെ വേണുക്കുട്ടൻ നായർ സംവിധാനം ചെയ്ത നാടകമാണ് സ്വാതിതിരുനാൾ. കേരളത്തിലങ്ങോളമിങ്ങോളമായി 250ൽ അധികം വേദികളിലാണ് ഈ നാടകം ആടിത്തിമിർത്തത്. സംഗീതത്തിനു പ്രാമുഖ്യം നൽകിയുള്ള നാടകത്തിൽ സ്വാതിതിരുനാളായി അഭിനയിച്ച അദ്ദേഹം കുലീനഭാവം പുലർത്തി.

അദ്ദേഹം അരങ്ങിലെത്തിയതിനു പിന്നിലും ഒരു വലിയ കഥയുണ്ട്. സായികുമാർ ആയിരുന്നു നാടകം അവതരിപ്പിച്ചു തുടങ്ങിയ കാലത്ത് സ്വാതി തിരുനാളിനെ അവതരിപ്പിച്ചു തുടങ്ങിയത്. റാംജിറാവു സ്പീക്കിംഗ് എന്ന ചിത്രത്തിലേയ്ക്ക് അവസരം വന്നതോടെ സായികുമാറിനു നാടകാഭിനയം തുടരാൻ കഴിയാത്ത സ്ഥിതിയായി. പകരക്കാരനെ തേടിയുള്ള അന്വേഷണമാണ് റിസബാവയിൽ എത്തിയത്. അങ്ങിനെ നീണ്ടുമെലിഞ്ഞു, പൊടിമീശുള്ള കൊച്ചിക്കാരൻ റിസബാവ പിരപ്പൻകോട് മുരളിയുടെ വീട്ടിലെത്തി. അവിടെ തുടങ്ങുന്നു റിസബാവയുടെ അഭിനയ ജീവിതം. മലയാള നാടകചരിത്രത്തിൽ ഏറ്റവും കൂടുതൽ വേദികളിൽ അവതരിപ്പിച്ച നാടകമാണ് കെ പി എ സിയുടെ 'നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി' ഇതു കഴിഞ്ഞാൽ അടുത്ത ഊഴം സ്വാതി തിരുനാളിന്റേതാണ്. നാടകാവതരണം 150 വേദികൾ പിന്നിട്ടപ്പോൾ, അവസാനത്തെ 250 വേദികളിൽ സ്വാതിതിരുനാളായി വിരാജിച്ചത് റിസബാവയായിരുന്നു.

1990ൽ പിരപ്പൻകോട് മുരളിയുടെ രചനയിൽ ചന്തുമേനോന്റെ ഇന്ദുലേഖ നാടകമായപ്പോൾ നായകവേഷമായ മാധവന്റെ വേഷവും റിസബാവയെ തേടിയെത്തി. അരങ്ങിൽ സംഗീതകാരന്റെയും കാമുകന്റെയും ഭാവങ്ങളിൽ നിറഞ്ഞാടിയ അദ്ദേഹം സിനിമയിൽ എത്തിയപ്പോൾ, കൈവന്നതാകട്ടെ വില്ലൻ വേഷവും. ജോൺ ഹോനായ് എന്ന വില്ലൻ വേഷമാണ് സിനിമയിൽ റിസബാവയെ ശ്രദ്ധേയനാക്കിയത്-ചിത്രം ഇൻഹരിഹർ നഗർ. ഈ സിനിമയിൽ അമ്മച്ചിയുടെ നിധികൾ അടങ്ങിയ പെട്ടി തേടി എത്തുന്ന വില്ലൻ വേഷം എന്നും മലയാള സിനിമയിൽ സ്മരിക്കപ്പെടും. ഡോക്ടർ പശുപതി, ഇൻഹരിഹർ നഗർ, ആനവാൽമോതിരം, ഇരിക്കൂ എം ഡി അകത്തുണ്ട്, ജോർജ്ജുകുട്ടി C/O ജോർജ്ജ്കുട്ടി, ചമ്പക്കുളംതച്ചൻ, ഏഴരപ്പൊന്നാന,എന്റെ പൊന്നു തമ്പുരാൻ, മന്ത്രിക ചെപ്പ്, ഫസ്റ്റ് ബെൽ, ബന്ധുക്കൾ ശത്രുക്കൾ, കാബൂളിവാല, ആയിരപ്പറ, വധു ഡോക്ടറാണ്, മലപ്പുറം ഹാജി മഹാനായ ജോജി തുടങ്ങിയ നിരവധി സിനിമകളിൽ അഭിനയിച്ചിട്ടുള്ള അദ്ദേഹം നിരവധി സീരിയലുകളിൽ അഭിനയിക്കുകയും ശബ്ദം നൽകുകയും വഴി വീട്ടകങ്ങളിലും പ്രിയപ്പെട്ടവനായി തീർന്നിരുന്നു.

വൈറലായി റിസബാവയുടെ പഴയ അഭിമുഖം

ശ്രദ്ധേയമായ വില്ലൻ വേഷങ്ങളിലൂടെ മലയാളസിനിമയിൽ സുപരിചിതനായ റിസബാവ കഴിഞ്ഞ ദിവസമായിരുന്നു അന്തരിച്ചത്. ഇപ്പോൾ കൈരളി ചാനലിലെ അദ്ദേഹത്തിന്റെ ഒരു പഴയ അഭിമുഖം ശ്രദ്ധ നേടുകയാണ്.നാടകത്തിലൂടെ സിനിമയിൽ എത്തിച്ചേർന്നതിനെക്കുറിച്ചും വ്യക്തിജീവിതത്തെക്കുറിച്ചും കുടുംബത്തെക്കുറിച്ചും തന്റെ ദാനധർമങ്ങളെക്കുറിച്ചുമെല്ലാം അഭിമുഖത്തിൽ റിസബാവ സംസാരിക്കുന്നുണ്ട്.

ജീവിതത്തിൽ പല ആഘോഷങ്ങളും തനിക്ക് സിനിമ ഷൂട്ടിംഗ് കാരണം നഷ്ടപ്പെട്ടിട്ടുണ്ടെന്നും എന്നാൽ തന്റെ ജോലിയായ ഈ കലയെ ദൈവീകമായാണ് കാണുന്നതെന്നും റിസബാവ അഭിമുഖത്തിൽ പറയുന്നു.

താൻ ചെയ്യുന്ന ദാനധർമങ്ങളെക്കുറിച്ചും അദ്ദേഹം അഭിമുഖത്തിൽ സംസാരിക്കുന്നുണ്ട്. ഞാൻ മുൻതൂക്കം കൊടുക്കുന്നത് നമക്കും സ്നേഹത്തിനുമാണ്. മരിച്ചു പോകുമ്പോൾ ഇതൊന്നും കൊണ്ടുപോകില്ലല്ലോ. ജീവിച്ചിരിക്കുന്ന സമയത്ത് പരസ്പരം സഹായിച്ച് ജീവിക്കുക, അദ്ദേഹം കൂട്ടിച്ചേർക്കുന്നു.

നാടകത്തിൽ ഒരുപാട് അഭിനയിച്ചിട്ടുണ്ടെങ്കിലും സിനിമയിൽ അത്രത്തോളം അവസരം ലഭിച്ചിട്ടില്ലെന്ന് പറഞ്ഞ റിസബാവ താൻ ഒരു വലിയ നടനല്ലെന്നും അഭിനയിക്കാൻ ശ്രമിക്കുക മാത്രമാണ് ചെയ്യുന്നതെന്നും കൂട്ടിച്ചേർത്തു. സിദ്ദിഖ്ലാൽ സംവിധാനം ചെയ്ത ഇൻ ഹരിഹർ നഗറിലെ ജോൺ ഹോനായി എന്ന കഥാപാത്രത്തിലൂടെയാണ് റിസബാവ ശ്രദ്ധേയനാവുന്നത്.

ജ്വാലാമുഖിയിലെ കഥാപാത്രത്തെ കുറിച്ച് സുരഭി

എറണാകുളം തൃക്കാക്കരയിലെ ശ്മശാനത്തിലെ ശവശരീരങ്ങൾ ദഹിപ്പിക്കുന്ന ജോലിക്കാരിയായ സലീന എന്ന സ്ത്രീയുടെ ജീവിതമാണ് സുരഭി ലക്ഷ്മി ജ്വാല മുഖി എന്ന സിനിമയിൽ അവതരിപ്പിച്ചിരിക്കുന്നത്. ചിത്രത്തിൽ എയ്ഞ്ചൽ എന്നാണ് സുരഭിയുടെ കഥാപാത്രത്തിന്റെ പേര്.ദേശീയ അവാർഡ് ലഭിച്ചതിനു ശേഷം പെർഫോമൻസിൽ സംതൃപ്തി ലഭിച്ച കഥാപാത്രമാണ് എയ്ഞ്ചലെന്നും കഥാപാത്രത്തിന് വേണ്ടിയുള്ള പഠനവും തയാറെടുപ്പുകളും ഒക്കെയായി വളരേനാളുകൾ കൂടെ ഉണ്ടായിരുന്ന കഥാപാത്രമായതിനാൽ, ഒരു ലൈഫിൽ കൂടി കടന്നുവന്ന അനുഭവമായിരുന്നു ലഭിച്ചതെന്നും സുരഭി പറയുന്നു.

സ്ത്രീകൾ ജോലി ചെയ്യുമ്പോൾ തന്നെ നെറ്റി ചുളിക്കുന്ന അല്ലേൽ തുറിച്ചു നോക്കുന്ന ഒരു വിഭാഗം ഇപ്പോളും നമുക്കിടയിൽ ഉണ്ട്. കൂടാതെ മൃതദേഹം ദഹിപ്പിക്കുന്ന, പുരുഷന്മാർ വരെ ചെയ്യാൻ മടിക്കുന്ന ഒരു ജോലി, സ്ത്രീ ചെയ്യുന്നത് തന്നെ വലിയ കയ്യടി അർഹിക്കുന്നതാണ്. അവർ നേരിടുന്ന പ്രതിസന്ധികളും പ്രാരാബ്ധങ്ങളുമാണ് ചിത്രം പറയുന്നത്. അത്തരമൊരു കഥാപരിസരം തന്നെയാണ് തന്നെ ഈ കഥാപാത്രത്തിലേക്ക് ആകർഷിച്ചതെന്നും സുരഭി പറയുന്നു.സുരഭി ആഴ്ചകളോളം സലീന ചേച്ചിയോടൊപ്പം താമസിക്കുകയും ഒപ്പം മൃതദേഹം ദഹിപ്പിക്കുമ്പോൾ ചെയ്യേണ്ട കാര്യങ്ങളും ഒക്കെ കണ്ടുപഠിച്ചിരുന്നു.

സലീന ചേച്ചിയുടെ സംസാരരീതിയും നടത്തവും ഉപയോഗിച്ചുകൊണ്ടിരുന്ന ചെരുപ്പും വരെ കഥാപാത്രത്തെ തിരശീലയിലെത്തിക്കാൻ ഉപയോഗിച്ചിട്ടുമുണ്ട്. താൻ തളർന്നു പോകുമ്പോളോക്കെ സെലീന ചേച്ചിയെ ഓർക്കാറുണ്ട്. ചേച്ചിയുടെ ജീവിതം ഇപ്പോഴും പ്രചോദനം ആണ്, സുരഭി പറയുന്നു.

തൊടുപുഴയിലെ ഒരു കുന്നിന്റെ മുകളിലായിരുന്നു ചിത്രത്തിന്റെ ഭൂരിഭാഗം ഷൂട്ടിങ്ങും. മരങ്ങൾ വളരെ കുറവുള്ള തികച്ചും റിമോട്ട് ആയ ഒരു പ്രദേശം. കനത്ത വെയിലിനോടൊപ്പം, ദഹിപ്പിക്കുന്ന സീനുകളും കൂടിയായതു കൊണ്ട് തന്നെ തീയിൽ നിന്നുള്ള അസഹനീയമായ ചൂടും കൂടിയായപ്പോൾ പലപ്പോഴും രോമങ്ങൾ കരിയുകയും ചെറിയ ചെറിയ പൊള്ളലുകൾ എൽക്കുകയും ചെയ്തിരുന്നു. ഈ കഷ്ടപ്പാടുകൾക്ക് ഒക്കെയുള്ള പ്രതിഫലമെന്നോണം ഈ കഥാപാത്രത്തിന് തന്നെ അവാർഡ് തേടിയെത്തിയത് ദൈവനിയോഗമെന്നാണ് കരുതുന്നതെന്നും സുരഭി പറഞ്ഞു.

മലയാളത്തിലെ പ്രമുഖരായ പല മുൻനിര താരങ്ങളെയും സിനിമയിലെ കഥാപാത്രമാകാൻ സമീപിച്ചിരുന്നു. എന്നാൽ ചിത്രത്തിന്റെ കൺട്രോളർ ആയിരുന്ന ഷാജി പട്ടിക്കരയാണ് സുരഭി ലക്ഷ്മിയെ ചിത്രത്തിലേക്ക് ക്ഷണിച്ചത്. ഇതുപോലൊരു സ്വപ്നതുല്യമായ കഥാപാത്രം തന്നിലേക്ക് എത്തിച്ചതിന് ഷാജിയേട്ടനോട് നന്ദിയും കടപ്പാടുമുണ്ടെന്നും സുരഭി പറയുന്നു.

ഒരിടവേളയ്ക്ക് ശേഷം അനൂപ് മേനോൻ സംവിധാനം ചെയ്യുന്ന പദ്മ ആണ് നടി സുരഭി ലക്ഷ്മിയുടെ റിലീസിന് തയ്യാറെടുക്കുന്ന ഏറ്റവും പുതിയ ചിത്രം. സൗബിൻ, ദിലീഷ് പോത്തൻ എന്നിവരോടൊപ്പം കേന്ദ്ര കഥാപാത്രമായി എത്തുന്ന കള്ളൻ ഡിസൂസ, ദുൽഖർ ചിത്രം കുറുപ്പ്, അനുരാധ, തല, പൊരിവെയിൽ എന്നീ ചിത്രങ്ങളും ഷൂട്ടിംഗ് പൂർത്തിയായി ഉടൻ റിലീസിനെത്തുന്ന ചിത്രങ്ങൾ ആണ്.

റോഡിന്റെ ശോചനീയാവസ്ഥ പരിഹരിക്കണം

കാഞ്ഞങ്ങാട്: ഇട്ടമ്മൽ-പൊയ്യക്കര റോഡിന്റെ ശോചനീയാവസ്ഥ പരിഹരിക്കണമെന്നാവശ്യപ്പെട്ട് ഐ എൻ ടി യു സി ഓട്ടോ റിക്ഷ തൊഴിലാളി യൂണിയൻ കാഞ്ഞങ്ങാട് ഡിവിഷൻ കമ്മറ്റി ധർണ്ണ നടത്തി. എം അസിനാർ ഉദ്ഘാടനം ചെയ്തു. പി വി ബാലകൃഷ്ണൻ ആധ്യക്ഷം വഹിച്ചു. സതീശൻ, ഹംസ, രവീന്ദ്രൻ, സതീഷ്ചന്ദ്രൻ, വിനു, ബഷീർ, മജീദ്, പവിത്രൻ, മോഹനൻ, അയ്യൂബി പി എച്ച്, കെ കെ കോരൻ, ചന്ദ്രൻ സംസാരിച്ചു.

ഇട്ടമ്മൽ-പൊയ്യക്കര റോഡിന്റെ ശോചനീയാവസ്ഥ പരിഹരിക്കണമെന്നാവശ്യപ്പെട്ട് ഐ എൻ ടി യു സി ഓട്ടോ റിക്ഷ തൊഴിലാളി യൂണിയൻ കാഞ്ഞങ്ങാട് ഡിവിഷൻ കമ്മറ്റി നടത്തിയധർണ്ണ

ഗാന്ധിദർശൻ യുവജന സമിതി ജില്ലാ കമ്മിറ്റി രൂപീകരിച്ചു

കാഞ്ഞങ്ങാട് :കെപി സി സി ഗാന്ധിദർശൻ യുവജന സമിതിയുടെ രൂപീകരണ യോഗം ഗാന്ധി ദർശൻ ജില്ലാ ജനറൽ സെക്രട്ടറി കെ കെ ബാബുവിന്റെ അധ്യക്ഷതയിൽ നടന്നു. യോഗത്തിൽ ഗാന്ധിദർശൻ യുവജന സമിതിയുടെ ജില്ലാ പ്രസിഡന്റ് ആയി ഗിരികൃഷ്ണൻ കൂടലായെയും, ജനറൽ സെക്രട്ടറി ആയി സി ജോ അമ്പാട്ടിനെയും തെരഞ്ഞെടുത്തു. സുധീഷ് പാണൂർ, ജോബിറ്റ് ജോസ്, അഹമ്മദ് എളിങ്ങ, അലീന എന്നിവരെ വൈസ് പ്രസിഡന്റ് ആയും , വസന്തൻ ഐ എസ് നെ ട്രഷറർ ആയും സെക്രട്ടറിമാരായി രാജീവ് രാജു ബന്തടുക്ക, അജിത് പൂടങ്കല്ല്, ജോബിൻ ജോസ്, വൈഷ്ണവ് ബേഡകം, ഷിബിൻ ഉപ്പിലിക്കൈ, റാഷിദ് പള്ളിമാൻ, മൻസൂർ മംഗൽപ്പാടി, രാകേഷ് കരിച്ചേരി എന്നിവരെയും എക് സിക്യൂട്ടീവ് അംഗങ്ങളായി ശബരിനാഥ് കോടോത്ത്,പ്രതീഷ് കല്ലഞ്ചിറ, അനീഷ് കടപ്പുറം എന്നിവരെയും തൃക്കരിപ്പൂർ നിയോജക മണ്ഡലം പ്രസിഡന്റ് ആയി അശ്വിൻ കുമാർ എൻ ടി യെയും തിരഞ്ഞെടുത്തു. യോഗത്തിൽ ഗാന്ധിദർശൻ വൈസ് പ്രസിഡന്റ് എച്ച് ഭാസ്കരൻ, ട്രെഷറർ വില്യംസ് ജോസഫ് , കാഞ്ഞങ്ങാട് നിയോജക മണ്ഡലം പ്രസിഡന്റ് എ പുരുഷോത്തമൻ എന്നിവർ പങ്കെടുത്തു. കെ എസ് ആർ ടി സി ഡിപ്പോകൾ മദ്യശാലയാക്കുന്ന സർക്കാർ നടപടികളെ ശക്തമായി പ്രതിരോധിക്കാൻ സമര പരിപാടികൾ ആസൂത്രണം ചെയ്യുവാൻ യുവജന സമിതി തീരുമാനമെടുത്തു.

കെ പി സി സി ഗാന്ധിദർശൻ യുവജന സമിതി ജില്ലാ കമ്മറ്റി യോഗം

അനുമോദന സദസ്സും, ഉപഹാര സമർപ്പണവും നടത്തി

കാഞ്ഞങ്ങാട് :അജാനൂർ ഇക്ബാൽ ഹയർ സെക്കണ്ടറി സ്കൂളിലെ 1980-86 ബാച്ച് സഹപാഠി കൂട്ടായ്മയുടെ നേതൃത്വത്തിൽ അംഗങ്ങളുടെ മക്കൾക്കായി നടത്തിയ വിവിധ മൽസരങ്ങളിൽ വിജയിച്ച കുട്ടികൾക്കുള്ള അനുമോദന സദസും ഉപഹാര സമർപ്പണവും നടത്തി. കൂട്ടായ്മ ഗ്രൂപ്പ് അഡ്മിൻ അശോകൻ പടിഞ്ഞാറേക്കരയുടെ അധ്യക്ഷതയിൽ എ.എം.രഞ്ജിത്ത് (സബ്ബ് ഇൻസ്പെക്ടർ ഓഫ് പൊലീസ് കാസർകോട്) ഉപഹാര സമർപ്പണം നടത്തി ചടങ്ങ് ഉദ്ഘാടനം ചെയ്തു, കൊത്തിക്കാൽ ഹസ്സൻ മുഖ്യാതിഥിയായി. സി.എച്ച്.ഹംസ, സുമ രാജൻ, രവീന്ദ്രൻ കൊളവയൽ എന്നിവർ സംസാരിച്ചു, മുട്ടുന്തല അബ്ദുല്ല സ്വാഗതവും, റസാക്ക് നന്ദിയും പറഞ്ഞു.

ജില്ലാ പവർ ലിഫ്റ്റിംഗ് അസോസിയേഷൻ ഭാരവാഹികൾ

കാഞ്ഞങ്ങാട്: ജില്ല പവർ ലിഫ്റ്റിംഗ് അസോസിയേഷൻ ഭാരവാഹികളായി വി വി രമേശൻ (പ്രസി), ജുനൈദ് എ (സെക്ര), രൂപേഷ് (ജോ. സെക്ര), ടി പ്രദീപൻ(ട്രഷ), ടി വി കൃഷ്ണൻ (സ്പോർട്സ് കൗൺസിൽ നോമിനി),. എന്നിവരെ തിരഞ്ഞെടുത്തു. സംസ്ഥാന സെക്രട്ടറി വേണുജി നായർ ഉദ്ഘാടനം ചെയ്തു. വി വി രമേശൻ ആധ്യക്ഷം വഹിച്ചു.

ജോസഫ് സ്റ്റാലിൻ, ജില്ലാ സ്പോർട്സ് കൗൺസിൽ നിർവ്വഹണ സമിതി അംഗം

വി വി രമേശൻ, രൂപേഷ്

ടിവി കൃഷ്ണൻ, ബാബു കുന്നത്ത്, പി.നാരായണൻ, പി. വി രാജു, മനോജ് അമ്പലത്തറ, പ്രസാദ് മണിയാണി, രൂപേഷ് എ സംസാരിച്ചു. ദേശീയ ക്ലാസിക് പവർ ലിഫ്റ്റിംഗ് ചാമ്പ്യൻഷിപ്പ് ഫെബ്രുവരി രണ്ടാംവാരത്തിൽ നടക്കും.

ബി കെ മാസ്റ്റർ ലൈബ്രറി യിൽ,കെ എസ് അബ്ദുറഹ്മാൻ സ്മാരക ക്യാഷ് അവാർഡ് വിതരണം ഉദുമ എം എൽ എ സി എച്ച് കുഞ്ഞമ്പു ഉദ്ഘാടനം ചെയ്യുന്നു

ക്യാഷ് അവാർഡ് വിതരണം ചെയ്തു

അംഗഡിമുഗർ : ബി കെ മുഹമ്മദ് മാസ്റ്റർ ലൈബ്രറി അംഗഡിമുഗർ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിൽ നിന്നും ഉന്നത വിജയം നേടിയ എസ് എസ് എൽ സി.പ്ലസ്ടു വിദ്യാർത്ഥികൾക്കു കെ എസ് അബ്ദു റഹ്മാൻ സ്മാരക ക്യാഷ് അവാർഡും മൊമെന്റോയും നൽകി. നൂറു ശതമാനം വിജയം നേടാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കിയ ഹെഡ് മാസ്റ്റർ ശാഹുൽ ഹമീദ്,പി ടി എ പ്രസിഡന്റ് ഹസനുൽ ബന്ന,കോവിഡ് പ്രതിരോധ പ്രവർത്തങ്ങൾക്ക് മാതൃകാ പരമായ നേതൃത്വം നൽകിയ പുത്തിഗെ പി എച്ച് സി യിലെ ഹെൽത്ത് ഇൻസ്പെക്ടർ മോഹനൻ എന്നിവരെയും ആദരിച്ചു.ചടങ്ങ് ഉദുമ എം എൽ എ,സി എച്ച് കുഞ്ഞമ്പു ഉദ്ഘാടനം ചെയ്തു.പഞ്ചായത്ത് പ്രസിഡന്റ് സുബ്ബണ്ണ ആൾവ,കെ എസ് അസീസ്,സി എച്ച് അബൂബക്കർ, ശിവപ്പറൈ, ബഷീർ,മോഹൻ,പി മഹമൂദ് സംസാരിച്ചു.